1	2
2015 ജൂൺ	130.98
2015 ജൂലൈ	125.37
2015 ഓഗസ്റ്റ്	116.65
2015 സെപ്റ്റംബർ	112.18
2015 ഒക്ടോബർ	114.10
2015 നവംബർ	109.54
2015 ഡിസംബർ	102.79
2016 ജനുവരി	97.80

(ഡി) റബ്ബറിന്റെ വിലത്തകർച്ച സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചതായി കാണുന്നില്ല. കൃഷിക്കാർക്ക് ഈ കാലയളവിലുണ്ടായ ശരാശരി നഷ്ടം കണക്കാക്കിയിട്ടില്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ വിലത്തർച്ച പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്കായി കൃഷിവകുപ്പിന്റെ ശീർഷകങ്ങളിൽനിന്നും ട്രഷറിയിലൂടെ പിൻവലിച്ച തുകയുടെ കണക്ക് ചുവടെ ചേർത്തിരിക്കുന്നു:

ക്രമ നമ്പർ	വർഷം	ട്രഷറിയിൽനിന്നും പിൻവലിച്ച തുക (കോടി രൂപ)
1	2013-14	4
2	2014-15	12.00
3	2015-16	101.00 ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തു. 50.00 ബന്ധപ്പെട്ട അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രം

211 (1587) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പിലിക്കോട് കാർഷിക ഗവേഷണ കേന്ദ്രത്തിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വർഷങ്ങളായി ഒഴിവുകൾ നികത്താത്തതിനാൽ സ്ഥാപനം പ്രതിസന്ധിയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത കേന്ദ്രത്തിൽ അത്യാവശ്യ തസ്തികകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ദൈനംദിന പ്രവൃത്തികൾ നടത്തി വരുന്നു.

(ബി) 18-12-2010-ലെ സ.ഉ.(എം.എസ്.) നമ്പർ 399/10/ഉ.വി.വ. പ്രകാരം സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കെ.പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് ഉത്തരവിട്ടതിനാൽ ഇതിനുശേഷം കാർഷിക സർവ്വകലാശാലയിൽ ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്താൻ സാധിച്ചിട്ടില്ല. ഇപ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരം നിയമനം നടത്തുന്നതിനാവശ്യമായ സ്റ്റാറ്റ്യൂട്ട് ഭേദഗതി സർവ്വകലാശാലയിൽ നടത്തിയിട്ടുണ്ട്. നിയമന ചുമതല കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചുകൊണ്ടുള്ള നിയമനിർമ്മാണം സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു. അദ്ധ്യാപക തസ്തിക കളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്.

റബ്ബറിന്റെ വിലയിടിവ്

212 (1588) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ഒരു കിലോ റബ്ബറിന്റെ വില എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഒരു കിലോ റബ്ബറിന്റെ വില എത്രയെന്ന് പറയാമോ;

(സി) റബ്ബറിന് വിലത്തകർച്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ചെറുകിട റബ്ബർ കർഷകർക്ക് പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കാൻ സർക്കാർ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 2011-12-ൽ RSS-4 ഗ്രേഡിലുള്ള സ്വാഭാവിക റബ്ബറിന്റെ ആഭ്യന്തര വിപണിവില കിലോയ്ക്ക് 208.05 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly